● ലേഖനം

# ദേർ ആയാ ലേകിൻ ദുരുസ്ത് ആയാ...

എ. റശീദുദ്ദീൻ

**നിയമവ്യവസ്ഥയിലെ** 'പുത്തൻ ഭേദഗതി'കളുടെ കൂറ്റൊപ്പിച്ച് അബ്ദുന്നാസിർ മഅ്ദനിയെ പേരിനെങ്കിലും ശിക്ഷിക്കുമെന്നാണ് ഏറ്റവും കടുത്ത ശുഭാപ്തി വിശ്വാസികൾ പോലും പ്രതീക്ഷിച്ചിട്ടുണ്ടാവുക. ഒരു കാരണവും കൂടാതെ നമ്മുടെ വ്യവസ്ഥ അദ്ദേഹത്തിന് സമ്മാനിച്ച പത്തു വർഷത്തോളം നീണ്ട ആ കാരാഗൃഹവാസത്തെ ഏതെങ്കിലും കണക്കിൽ കൊള്ളിക്കേണ്ടിയിരുന്നല്ലോ. കീഴ്ക്കോടതി ശിക്ഷിക്കുകയും എന്നിട്ട് മേൽക്കോടതിയിൽനിന്ന് മോചനം വിധിക്കുകയും ചെയ്യുന്ന ഒരുതരം ഏർപ്പാടാണ് ഭീകരതയുമായി ബന്ധപ്പെട്ട കേസുകളിൽ ഈയിടെയായി കണ്ടുവരുന്നത്. നീതിയും നിയമവും അന്തിമമായി വിജയിക്കുകയും നിരപരാധികൾ തോറ്റുതൊപ്പിയിടുകയും ചെയ്യുന്ന ഈ നാടകത്തിന് എന്തുകൊണ്ടോ കോയമ്പത്തൂർ സ്ഫോടനക്കേസിന്റെ പ്രത്യേക ജഡ്ജി ഉത്രാപതി നിന്നുകൊടുത്തില്ല. ഭീകരതയുമായി ബന്ധപ്പെട്ട കേസുകളിൽ നീതിപീഠങ്ങളിൽനിന്ന് വല്ലാതെയൊന്നും പ്രതീക്ഷിക്കുന്നതിൽ കാര്യമില്ലാതായിട്ട് ഏറിയാൽ ഏഴോ എട്ടോ വർഷമേ ആയിട്ടുള്ളൂ. പാർലമെന്റ് ആക്രമണ കേസിലെപ്പോലെ നീതിപൂർവകമായ വിചാരണ പോലും അനുവദിക്കാതെ തൂക്കുമരത്തിലേക്ക് ചീട്ട് കൊടുത്ത ജഡ്ജിമാരും ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്. ബ്ലാക്ക് വാറണ്ട് തൂക്കിയിട്ട ഇരുട്ടുമുറികളിൽ കുറച്ചു കാലമെങ്കിലും തടവിലിട്ടാണ് ഈ പ്രതികളെ ഒടുവിൽ ന്യായാസനം സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കാൻ വിട്ടത്. മറ്റാരും കാണാൻ പാടില്ലാത്ത ചില രഹസ്യ ഫയലുകളുമായി നിയമപീഠത്തിനു മുന്നിൽ സുരക്ഷാ ഏജൻസികൾ കുശുകുശുക്കുന്ന ഏർപ്പാട് എൻ.ഡി.എ ഭരണകാലത്തിന്റെ മുഖ്യ സവിശേഷതകളിലൊന്നായിരുന്നു. അവരുടെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ഇരകളിലൊന്നായിരുന്നു മഅ്ദനി. അദ്ദേഹത്തെ പൂർണമായും നിരപരാധിയെന്നു പ്രഖ്യാപിച്ച് കീഴ്ക്കോടതി തന്നെ വിട്ടയക്കും എന്നത് അതിരു കവിഞ്ഞ പ്രതീക്ഷയായിട്ടും ആ അത്ഭുതം സംഭവിക്കുക തന്നെ ചെയ്തു.

അബ്ദുന്നാസിർ മഅ്ദനിയെ വിട്ടയച്ചതിൽ ആഹ്ലാദം പ്രകടിപ്പിക്കുന്നവരിൽ ചിലരെയെങ്കിലും ഏത് വാക്കു കൊണ്ടാണ് വിശേഷിപ്പിക്കേണ്ടതെന്നറിയില്ല. തങ്ങളാണ് മഅ്ദനിയെ മോചിപ്പിക്കാൻ എല്ലാ ശ്രമവും നടത്തിയതെന്ന് അദ്ദേഹത്തെ ഇരുമ്പഴിക്കുള്ളിലടച്ചവർ വിളിച്ചുപറയുന്ന ഇക്കാലത്ത് പൊതുമാപ്പ് പോലുള്ള ഏർപ്പാടുകൾ പ്രഖ്യാപിച്ചാൽ മഅ്ദനി വഷളാവുകയേ ഉള്ളൂ. തിരുവനന്തപുരത്തെ ആശുപത്രിയിൽ സംഭവിച്ചത് ഇതാണ്. എത്ര നാറിയ കേസുണ്ടായാലും രാഷ്ട്രീയക്കാരന് വെളുക്കെ ചിരിച്ച് വീണ്ടും ജനത്തിനു മുമ്പിൽ കൈവീശി പ്രത്യക്ഷപ്പെടാനാവും. പക്ഷേ അക്കാര്യത്തിൽ താനും മഅ്ദനിയുമൊക്കെ ഒന്നാണെന്ന് വല്ലവരും ധരിക്കുന്നുണ്ടെങ്കിൽ അവരോട് സഹതപിക്കുകയല്ലാതെ നിവൃത്തിയില്ല. എന്തൊരു ചർമസൗഭാഗ്യമാണത്!

റബർ ഉറകളിട്ട് താൻ ഉറപ്പിച്ചുനിർത്താറുണ്ടായിരുന്നതെന്ന് മഅ്ദനി പൊതുയോഗത്തിൽ പറഞ്ഞ ആ കാലിന് കുറച്ച് പിണ്ഡതൈലം തേപ്പിക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് രണ്ടു വർഷം മുമ്പെ അദ്ദേഹം ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ചിരുന്നു. കാലിന് ചികിത്സക്ക് അദ്ദേഹത്തിനെങ്ങാൻ ജാമ്യം ലഭിച്ചാൽ അക്കൊല്ലം നടക്കാനിരുന്ന തെരഞ്ഞെടുപ്പിൽ അധികാരത്തിലെത്താനാവില്ലെന്ന് മരത്തിൽ കണ്ടവർ അപ്പോഴേക്കും ദൽഹിയിൽ പറന്നെത്തി. കേസ് ഭംഗിയായി തോറ്റത് അവരുടെ 'സഹായം' കൊണ്ട്.

അക്കാലത്ത് ദൽഹിയിൽ നടന്ന പൊറാട്ടുനാടകങ്ങൾക്ക് കൈയും കണക്കുമുണ്ടായിരുന്നില്ല. കേസ് വിളിക്കാൻ പത്തു മിനിറ്റ് സമയം ബാക്കിനിൽക്കെ 'കേന്ദ്ര മന്ത്രി' പറഞ്ഞയച്ച വക്കീൽ മഅ്ദനിയുടെ കേസിന്റെ വക്കാലത്തുമായി വന്നത് കാലുവാരുന്നതിന്റെ ആധുനിക രൂപമായിരുന്നു. ജുഡീഷ്യറിയുടെ ചരിത്രത്തിൽ കേട്ടുകേൾവി പോലുമില്ലായിരുന്ന സംഭവമായിരുന്നു ഇത്. ഏറ്റ വക്കീൽ വാദം പഠിച്ച് തയാറെടുത്തുനിൽക്കുമ്പോഴാണ് കോടതി മുറികളിലെ പുലിയായ രണ്ടാമൻ കയറിവരുന്നത്. കഥയറിയാതെ കേസു വാദിച്ച രണ്ടാമൻ മഅ്ദനിയുടെ ജാമ്യാപേക്ഷയുടെ കഥ കഴിച്ചു കാശിക്കയച്ചു. ഈ ഏർപ്പാടിന് ചുക്കാൻ പിടിച്ച മന്ത്രി താനൊന്നുമറിഞ്ഞില്ലെന്ന മട്ടിൽ മഅ്ദനിയെ കുറിച്ച് വീണ്ടും ഗദ്ഗദം പൊഴിച്ചു.

മഅ്ദനിയുടെ കേസ് ദൽഹിയിൽ വിചാരണക്കെത്തുന്ന ഓരോ അവസരത്തിലും അദ്ദേഹം അനുയായികളെ പാകിസ്താനിൽ പരിശീലനത്തിനു പറഞ്ഞയച്ച കഥകളെ കുറിച്ച് മുൻപേജിൽ വാർത്ത പ്രസിദ്ധീകരിക്കുന്ന അതിപുരാതനമായ ഒരു ഇംഗ്ലീഷ് പത്രം കേരളത്തിലുണ്ട്. ദാവൂദ് ഇബ്റാഹീമുമായുള്ള ബന്ധവും മഅ്ദനിയുടെ ഐ.എസ്.എസ് 'ചരിത്രവു'മൊക്കെ ഈ പത്രത്തിന്റെ ദൽഹി എഡിഷനിൽ കൃത്യമായി അച്ചടിച്ചുവന്നിരിക്കും. കേരള ബി.ജെ.പിയിലെ ഒരു ഗ്രൂപ്പുമായി ഉറ്റ ബന്ധമുള്ള ഈ പത്രത്തിന്റെ തിരുവനന്തപുരം ലേഖകൻ മഅ്ദനിയോട് കൊടിയ പക വെച്ചുപുലർത്തിയയാളായിരുന്നു. ഇങ്ങോരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ദൽഹിയിൽ ബി.ജെ.പി രണ്ടുതവണയെങ്കിലും മഅ്ദനിക്കെതിരെ വാർത്താ സമ്മേളനം നടത്തിയിരുന്നു. പത്രം വായിക്കാത്ത ഒരു ജഡ്ജിയും ഇക്കാലത്ത് ഉണ്ടാവാനിടയില്ലാത്ത സ്ഥിതിക്ക് അന്തരീക്ഷം ആദ്യമേ ദുഷിപ്പിക്കുകയാണ് ഇവർ ചെയ്തുകൊണ്ടിരുന്നത്.

ആരാണ് അബ്ദുന്നാസിർ മഅ്ദനിയോട് ക്ഷമ പറയേണ്ടത്? കോടതിയാണെന്നും വ്യവസ്ഥയാണെന്നും അദ്ദേഹത്തെ കള്ളക്കേസെടുത്ത് കോയമ്പത്തൂരിലയച്ച കേരളത്തിലെയും ദൽഹിയിലെയും ചില രാഷ്ട്രീയക്കാരാണെന്നും മറ്റും മറ്റുമായി പലതരം അഭിപ്രായങ്ങൾ പറയുന്നവരുണ്ടാകും. പക്ഷേ ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ ചരിത്രത്തിൽ അഭൂതപൂർവമായ ഒരു പ്രതിഭാസത്തിന് തുടക്കമിട്ട കാലത്താണ് മഅ്ദനിയും അതുപോലെ ആയിരക്കണക്കിന് നിരപരാധികളും ജയിലിൽ പോയതെന്ന് ഈ കോലാഹലത്തിനിടയിൽ മറന്നുപോകരുത്. ഇന്ത്യ 'തിളങ്ങിയ' അഞ്ചോ ആറോ വർഷക്കാലത്ത് ജയിലിൽ പോയവരുടെ മതം പരിശോധിച്ചാൽ ഇക്കാര്യം കണ്ടെത്താനാവും. ഒരു ദേശത്തിന്റെ പേരിൽ സത്യപ്രതിജ്ഞ ചെയ്യുകയും ഹിന്ദുത്വക്കാരുടെ മാത്രം ഉപപ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയുമായി നോർത്ത് ബ്ലോക്കിൽനിന്ന് ഇറങ്ങിപ്പോവുകയും ചെയ്ത എൽ.കെ അദ്വാനിയായിരുന്നു മഅ്ദനി ഒരിക്കലും

ജയിലിൽനിന്ന് പുറത്തിറങ്ങുന്നില്ലെന്ന് ഉറപ്പുവരുത്താൻ ശ്രമിച്ചത്. സഹവർത്തിത്വത്തിന്റെ പുഷ്കലമായ ചരിത്രവും ഇഴയടുപ്പമുള്ള മതേതരത്വവും കൈമുതലായിരുന്ന ഒരു ദേശത്തോട് അദ്വാനി ചെയ്ത പാപങ്ങൾ പതുക്കെയെങ്കിലും കാലം കുഴിതോണ്ടി പുറത്തിടാൻ തുടങ്ങുകയാണ്. പലതിനും അദ്ദേഹത്തിന്റെ കാലത്തു തന്നെ തുടക്കം കുറിച്ചിരുന്നു. പാർലമെന്റ് ആക്രമണമെന്ന കപട നാടകത്തിലെ പ്രതി സയ്യിദ് അബ്ദുർറഹ്മാൻ ഗീലാനിയായിരുന്നു ഒന്നാമത്തെയാൾ. പട്ടികയിൽ ഇന്നത്തെ താരം തീർച്ചയായും അബ്ദുന്നാസിർ മഅ്ദനി തന്നെ. ഇനിയും വരാനുണ്ട്, ജയിലിന്റെ അഴികൾക്കു പിടിച്ചു വെക്കാനാവാത്ത പതിനായിരങ്ങൾ.

സ്വന്തം മനസ്സിന്റെ പകയും വിഷവും ഒരു രാജ്യത്തിന്റെ വ്യവസ്ഥയിലേക്കു സംക്രമിപ്പിക്കാൻ ഈ പഴയ പാകിസ്താൻ അഭയാർഥിക്കു കഴിഞ്ഞതിന്റെ ശിക്ഷയാണ് ഇന്നും ഇന്ത്യയിലെ ജയിലുകളിൽ പതിനായിരങ്ങൾ ഏറ്റുവാങ്ങുന്നത്. അതേ ശിക്ഷയാണ് ആരും ചോദ്യം ചെയ്യാത്ത ഏറ്റുമുട്ടലുകളുടെ ഇരകളായി തെരുവിൽ പട്ടികളെ പോലെ മരിച്ചുവീഴുന്നവരുടേതും. പോലീസുകാർ ഊരിക്കൊടുത്ത പഴയ യൂനിഫോം വസ്ത്രങ്ങൾ ധരിച്ച്, കോൺവെന്റ് സ്കൂൾ നാടകത്തിലെ വിദ്യാർഥികളെ പോലെ കൈയിൽ എ.കെ 47 തോക്കുകളും പിടിച്ച് വഴിയരികിൽ ചോരതുപ്പി മരിച്ചു വീഴുന്നവർ. ഇവരുടെ മതം തിരിച്ചറിയാനുള്ള അടയാളങ്ങൾ പോലീസ് നൽകിയാൽ പിന്നീട് അവരെ കുറിച്ച് ഇന്ത്യയിൽ ഒരു ചോദ്യവും ചോദിക്കാനേ പാടില്ലാതായി. ജിന്നാ വിവാദത്തിനു ശേഷം സ്ഥാനമൊഴിയേണ്ടിവന്ന മുംബൈ ദേശീയ നിർവാഹക സമിതി യോഗത്തിൽ അദ്വാനിക്ക് പറയാനുണ്ടായിരുന്ന മുഖ്യ പരാതി പുതിയ സർക്കാറിന്റെ കാലത്ത് ഏറ്റുമുട്ടലിൽ കൊല്ലപ്പെടുന്നവരുടെ എണ്ണം കുറയുന്നതിനെ കുറിച്ചായിരുന്നു. ഭീകരതയോടുള്ള നിലപാടിൽ പുതിയ സർക്കാർ വെള്ളം ചേർക്കുകയാണത്രെ. തൻെറ കാലത്ത് അത്ര, ഇപ്പോൾ വെറും ഇത്ര!... അദ്ദേഹം പറഞ്ഞുകൊണ്ടിരുന്ന കണക്കുകളിലും ചെയ്തുകൊണ്ടിരുന്ന പ്രവൃത്തികളിലും അടങ്ങിയിരുന്ന ഹിംസാത്മകമായ വെറുപ്പിനെ നമ്മുടെ മാധ്യമങ്ങൾക്ക് ഒരിക്കലും വേർതിരിച്ചു പറയാനുള്ള കരുത്തുണ്ടായിരുന്നില്ല.

സംശയിക്കാനും വിചാരണ നടത്താനും കുറ്റവാളിയാക്കാനുമൊക്കെ ഇന്ത്യൻ ജനാധിപത്യം അമ്പത് വർഷക്കാലം കൊണ്ടുനടന്ന മിനിമം വ്യവസ്ഥകളെ വെറും അഞ്ചു വർഷക്കാലത്തെ എൻ.ഡി.എ ഭരണം ഹിമാലയത്തിലേക്ക് നാടു കടത്തിയതിന്റെ വഴിയടയാളങ്ങളാണിത്. ചിട്ടവട്ടങ്ങളില്ലാത്ത നീതിവാഴ്ചയെ കുറിച്ച ഹിന്ദുത്വ സ്വപ്നങ്ങളുടെ സാക്ഷാൽക്കാരമായിരുന്നു പോട്ട. സത്യം പറയുന്ന പത്രക്കാരനെയും സത്യത്തിനു വേണ്ടി കോടതി കയറുന്ന വക്കീലിനെയും ത്രിശൂലത്തിന്റെ നിയമത്തിൽ കോർക്കാനുള്ള അദ്വാനിയുടെ ദുരാഗ്രഹത്തെയാണ് അത് തുറന്നുകാട്ടിയത്. എൻ.ഡി.എ ഭരണകാലം തൊട്ടാണ് പൊതുജനം ഒരു ഭാഗത്തും 'ഇസ്‌ലാമിക മതമൗലികവാദികൾ' മറുഭാഗത്തുമാവുന്ന ദുരൂഹമായ സ്ഫോടന പരമ്പരകൾക്ക് ഇന്ത്യയിൽ തുടക്കം കുറിക്കുന്നത്. മുംബൈ സ്ഫോടനം നരസിംഹറാവുവിന്റെ കാലത്തായിരുന്നു നടന്നതെങ്കിലും കാര്യവും കാരണവും ക്രിയയും കർത്താവുമൊക്കെയുള്ള സുവ്യക്തമായ കുറ്റമായിരുന്നു അത്. പാർലമെന്റ് ആക്രമണം, അക്ഷർധാം ആക്രമണം, ഗോധ്രാ ദുരന്തം, ദൽഹി സ്ഫോടനങ്ങൾ, മുംബൈയിൽ ഘട്കോപാറിലെ സ്ഫോടനങ്ങൾ, അയോധ്യയിലെ ഭീകരാക്രമണം, ജമ്മുവിലെ കാലൂച്ചക്കിലെയും ഛത്തിസിംഗ്പുരയിലെയും ആക്രമണങ്ങൾ... ഒന്നിൽ പോലും യഥാർഥ കുറ്റവാളികൾ പിടിയിലാവുകയോ സംഭവത്തിന് പിന്നിൽ പ്രവർത്തിച്ചവരുടെ ലക്ഷ്യം എന്താണെന്ന് തെളിയുകയോ ചെയ്തിട്ടില്ല. 'ചുവന്ന ലൈറ്റ് പിടിപ്പിച്ച അംബാസഡർ കാറിൽ പോലീസിന്റെ യൂനിഫോം ധരിച്ചെത്തുന്ന ലശ്കർ ഭീകരർ' ഏതു ലോക്കൽ പോലീസിനും അനുകരിക്കാവുന്ന ലളിതമായ തിരക്കഥയായി മാറി. ആർ.എസ്.എസ് കാര്യാലയത്തിനു നേർക്കു പോലും ഈ അസംബന്ധം കെട്ടിയെഴുന്നള്ളിക്കാനുള്ള ധൈര്യമോ അവിവേകമോ പോലീസിനുണ്ടായി.

ഭീകരത എന്ന വാക്ക് മനസ്സിലാക്കുന്നിടത്ത് ചില തിരിച്ചറിവുകൾ ആവശ്യമുണ്ടെന്നാണ് ഇതെല്ലാം അർഥമാക്കുന്നത്. ഓരോ ഭീകരാക്രമണത്തെയും അവ നടക്കുന്ന സാഹചര്യം, കാലം, കാരണം എന്നിവയുമായി ചേർത്ത് വിലയിരുത്തുമ്പോൾ നാം ആശയക്കുഴപ്പത്തിലാവുന്നുണ്ട്. നിർണായകമായ പല ഭീകരാക്രമണങ്ങളും നമ്മുടെ സ്വന്തം അധികാരികളുടെ മോശപ്പെട്ട സമയങ്ങൾക്കൊത്താണ് അരങ്ങേറിയത്. ശവപ്പെട്ടി കുംഭകോണത്തിൽപെട്ട് എൻ.ഡി.എ സർക്കാർ നാറിപ്പുഴുത്തു നിൽക്കുമ്പോൾ ഇന്ത്യൻ പാർലമെന്റ് ആക്രമിക്കപ്പെട്ട സംഭവം ഉദാഹരണം. ഈ ആക്രമണം നടന്നിട്ടില്ലായിരുന്നു എന്ന് സങ്കൽപിക്കുക. എങ്കിൽ വലതുപക്ഷ ദേശീയവാദികൾ ആറ്റുനോറ്റുണ്ടാക്കിയ വാജ്പേയി സർക്കാറിന് അപമാനകരമായ രീതിയിൽ കളമൊഴിയേണ്ടിവന്നിട്ടുണ്ടാവുമായിരുന്നു. ശവപ്പെട്ടി കുംഭകോണത്തെ തുടർന്ന് ഒരു ഒത്തുതീർപ്പിനും തയാറല്ലാത്ത പ്രതിപക്ഷം പാർലമെന്റിൽ വാജ്പേയിക്കെതിരെ ആഞ്ഞടിക്കുകയായിരുന്നു അന്ന്. 'ഹിന്ദുത്വ' സർക്കാറിനെ 'ഇസ്‌ലാമിക ഭീകരവാദി'കൾ ശത്രുവായാണ് കാണുന്നതെങ്കിൽ അവരൊരിക്കലും ആ സമയത്ത് ആക്രമണം നടത്തില്ലായിരുന്നു. വീഴുന്ന സർക്കാറിന് ജനശ്രദ്ധ തിരിച്ചുവിട്ട് രക്ഷപ്പെടാൻ എന്തിന് അവസരമുണ്ടാക്കിക്കൊടുക്കണം? ഇത് യാദൃഛികമാണെന്ന് വാദത്തിന് സമ്മതിക്കുക. അപ്പോൾ പിന്നെ ആക്രമണത്തെ കുറിച്ച് ലഘുവായ സംശയം പോലും മറ്റുനിലയിൽ ഉണ്ടാവാൻ പാടില്ലായിരുന്നു.

ചുരുക്കത്തിൽ, കേരളത്തിലും തമിഴ്നാട്ടിലും ദൽഹിയിലും മറ്റെവിടെയുമുള്ള ഭരണകൂടങ്ങൾക്ക് ഭീകരതാവിരുദ്ധതയുടെ പേരിൽ നടത്തുന്ന പേക്കൂത്തുകൾ അവസാനിപ്പിക്കാനുള്ള സമയമായെന്ന മുന്നറിയിപ്പാണ് മഅ്ദനിയുടെ മോചനം നൽകുന്നത്. 'ദേർ ആയാ ദുരുസ്ത് ആയാ' (Better late than never) എന്ന പ്രയോഗം പോലെയാണിത്. ഇളകിയാടുന്ന ജനാധിപത്യത്തിനും അതിന്റെ ദുർബലമായ വ്യവസ്ഥകൾക്കും തന്നെയാണ് ഇന്ത്യൻ മുസ്‌ലിമിനെ രക്ഷിക്കാനാവുന്നതെന്ന തിരിച്ചറിവും മഅ്ദനിയുടെ വിടുതൽ ബാക്കിയാക്കുന്നുണ്ട്. ■